"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.അനിൽകുമാർ ഡി. - യ്ക്ക് എതിരെയുള്ള അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് മലപ്പുറം ജില്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ല ജോയിന്റ് ഡയറക്ടർ ശ്രീ. ജോസഫ് സെബാസ്റ്റ്യനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.232/2026/LSGD തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 17/02/2025 തീയതിയിലെ വി.സി. 03/2025/എ.പി.എം. നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17/02/2025 ലെ LSGD/PD/5745/2025-VIGD6 നമ്പർ നടപടിക്രമം.
3. സർക്കാരിന്റെ 01/05/2025 തീയതിയിലെ ഇപിബി3/42/2025/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
4. ശ്രീ. അനിൽകുമാർ ഡി. 10/07/2025 ൽ സമർപ്പിച്ച എതിർവാദ പത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24/11/2025 ലെ LSGD/PD/5745/2025-VIGD6 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.അനിൽകുമാർ ഡി. (PEN No.581350) - യെ 13/02/2025 വൈകുന്നേരം 6.45 മണിക്ക് വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിക്കുന്നതിന് ശ്രീ. അബ്ദുൽജലീൽ എന്ന വ്യക്തിയിൽ നിന്നും 5000/- രൂപ കൈക്കൂലി വാങ്ങിയ കേസിൽ വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ അറസ്റ്റ് ചെയ്തതിനെ തുടർന്ന് 13.02.2025 തീയതി പ്രാബല്യത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ ടിയാനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. കാവനൂർ വില്ലേജിലെ സർവ്വെ നമ്പർ 339/36-1-ൽ പെട്ട 5 സെന്റ് സ്ഥലത്ത് 860 Sq ft വിസ്തൃതിയിലുള്ള വീട് നിർമ്മിക്കുന്നതിനായി കാവനൂർ പഞ്ചായത്ത് ഓഫീസിൽ നിന്നും ബിൽഡിംഗ് പെർമ്മിറ്റ് അനുവദിച്ചു കിട്ടുന്നതിന് പരാതിക്കാരൻ തന്റെ സുഹൃത്തായ അബ്ദുറഹിമാനെ ചുമതലപ്പെടുത്തിയത് പ്രകാരം ടിയാൻ വീടിന്റെ പ്ലാനും മറ്റ് രേഖകളുമായി 15.01.2025 തീയതി സങ്കേതം സോഫ്റ്റ്-വെയറിലൂടെ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ഓവർസിയർ സ്ഥലപരിശോധന നടത്തി ബിൽഡിംഗ് റൂൾ പ്രകാരം തന്നെയാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്ന റിപ്പോർട്ട് നല്കിയിട്ടുള്ളതെന്നും എന്നാൽ അബ്ദുറഹിമാൻ പഞ്ചായത്ത് ഓഫീസിൽ അന്വേഷിച്ചതിൽ 3 മീറ്റർ ഫ്രണ്ട് യാർഡ് വേണം എന്നും അല്ലായെങ്കിൽ തറ

പൊളിച്ചു കളയേണ്ടി വരുമെന്നും കാവനൂർ പഞ്ചായത്ത് സെക്രട്ടറി പറയുകയും 30.01.2025 തീയതി മതിയായ ഫ്രണ്ട് യാർഡ് ഇല്ലെന്ന് കാണിച്ച് പുതുക്കിയ പ്ലാൻ സമർപ്പിക്കാൻ രേഖാമൂലം നിർദ്ദേശം ലഭിച്ചതിൽ പരാതിക്കാരനും സുഹൃത്തും ഒരുമിച്ച് 12.02.2025 തീയതി കാവനൂർ പഞ്ചായത്ത് ഓഫീസിൽ വെച്ച് പ്രതിയെ നേരിൽ കണ്ട് സംസാരിച്ചതിൽ കാര്യം നടക്കണമെങ്കിൽ 5,000/- രൂപ തരണമെന്ന് ആവശ്യപ്പെട്ടിരുന്നതായും തുടർന്ന് പരാതിക്കാരൻ 13.02.2025 തീയതി 13.00 മണിയ്ക്ക് മലപ്പുറം വിജിലൻസ് യൂണിറ്റിൽ ഹാജരായി നൽകിയ രേഖാമൂലമുള്ള പരാതി വെരിഫൈ ചെയ്ത് പരാതി യഥാർത്ഥമാണെന്ന് ബോധ്യപ്പെട്ടതിനാൽ പരാതിക്കാരനിൽ നിന്നും പ്രതി കൈകൂലി പണം കൈപ്പറ്റുന്ന സമയം ടിയാനെ അറസ്റ്റ് ചെയ്തിട്ടുള്ളതാണന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം ഡെപ്യൂട്ടി സൂപ്രണ്ട് പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. മേൽ ക്രമക്കേടിന് ഉത്തരവാദിയായ മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.അനിൽകുമാർ ഡി. ക്കെതിരെ KCS (CC&A) Rules 1960 ലെ ചട്ടം 15 പ്രകാരം പരാമർശം (3) കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിലെ വിശദീകരണം ചുവടെ ചേർക്കുന്നു.

*ശ്രീ. അബ്ദുൽ ജലീലിന്റെ ഫയൽ കാവനൂർ പഞ്ചായത്ത് ഓഫീസിൽ ലഭിക്കുന്നത് 15-01-2025 നാണ്. അപേക്ഷ പരിശോധിച്ചു ഈ ആപ്ലിക്കേഷൻ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് പ്രകാരമാണ് എന്നും പെർമിറ്റ് നൽകാവുന്നതാണ് എന്നും ഓവർസിയർ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. എന്നാൽ 29-01-2025-ന് ടി ഫയൽ സെക്രട്ടറിയുടെ ലോഗിനിൽ എത്തിയപ്പോൾ ടി അപേക്ഷയുടെ കൂടെ ഹാജരാക്കിയ സൈറ്റ് പ്ലാൻ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019-ലെ റൂൾ 26 (4) പാലിക്കുന്നില്ല എന്ന് കണ്ട് 30-01-2025 -ന് ടിയാനെ അറിയിക്കുകയും പ്ലോട്ടിന്റെ തെക്കുഭാഗത്ത് ഫ്രണ്ട് യാർഡ് 3 മീറ്ററിൽ അധികം ഉണ്ടെങ്കിലും, വടക്കുഭാഗത്ത് 2.20 മീറ്റർ ആയതിനാൽ KPBR 26 (4) പ്രകാരമുള്ള ശരാശരി മൂന്ന് മീറ്റർ എന്ന അളവ് പാലിക്കപ്പെടുന്നില്ല. എന്നാൽ കത്തിൽ പറയുന്ന ഒബ്ജക്ഷൻ ശരിയല്ലെന്നും ടി കെട്ടിടത്തിന് പ്ലാൻ പ്രകാരം ആവശ്യമുള്ള ഫ്രണ്ട് യാർഡ് ഉണ്ടെന്നും എൻജിനീയർ വിളിച്ചു പറഞ്ഞതിനെ തുടർന്ന് 13-02-2025 നു സ്ഥലം സന്ദർശിക്കാൻ തീരുമാനിച്ചു. അപേക്ഷകൻ രണ്ടുദിവസത്തിനുള്ളിൽ ഗൾഫിലേക്ക് തിരിച്ചുപോകുന്നതിനാൽ എത്രയും പെട്ടെന്ന് സ്ഥലം സന്ദർശിക്കാൻ പറ്റിയാൽ നന്നായിരുന്നു എന്ന് ശ്രീ. അബ്ദുറഹിമാൻ പറഞ്ഞതിനെത്തുടർന്നാണ് സ്ഥലം സന്ദർശിക്കാൻ അബ്ദുറഹിമാന്റെ വാഹനത്തിൽ പോയത്. എന്നാൽ സൈറ്റ് പരിശോധനയ്ക്ക് ശേഷം വാഹനത്തിൽ കയറിയ ടിയാന്റെ പോക്കറ്റിൽ നിർബന്ധപൂർവ്വം അബ്ദുൽ ജലീൽ കാശ് വയ്ക്കാൻ ശ്രമിച്ചപ്പോൾ കൈവച്ച് തട്ടി കളയാൻ ശ്രമിക്കുകയും നോട്ടുകൾ വാഹനത്തിൽ തന്നെ വീഴുകയും ചെയ്തു ഉടനെ തന്നെ അവിടെ കാത്തുനിന്ന വിജിലൻസ് ടീം എത്തുകയും വാഹനത്തിൽ വീണു കിടന്ന നോട്ടുകൾ കണ്ടെടുക്കുകയും ചെയ്തിട്ടുള്ളതാണ്.*

4. എതിർവാദ പത്രികയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

i. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ അപേക്ഷയിൽ പരിശോധനയ്ക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ/ ഓവർസിയർ എന്നിവരെ ചുമതലപ്പെടുത്തുകയും ഇവർ നൽകുന്ന ഫീൽഡ് പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഇത്തരം ഫയലുകളിൽ തീരുമാനം എടുക്കുന്നത്. ഇത്തരത്തിൽ ഫീൽഡ് തല റിപ്പോർട്ട് നൽകിയത് പ്രകാരമുള്ള ക്രമക്കേടുകൾക്ക് ഫീൽഡ് തല റിപ്പോർട്ട് നൽകുന്ന ഉദ്യോഗസ്ഥനാണ് ഉത്തരവാദിത്വം ഉള്ളത്.

ii. കാവനൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 14 ൽ കാവനൂർ വില്ലേജ് സർവ്വെ നമ്പർ 339/36-1ൽ പ്പെട്ട് 203 ആർ സ്ഥലത്ത് (5 സെന്റ് ) Ground Floor 77.80 $M^2$, First Floor 8.65 $M^2$ ആകെ 86.45 $M^2$ വിസ്തീർണ്ണമുള്ള താമസാവശ്യത്തിനുള്ള കെട്ടിടം (വാസ ഗൃഹം) നിർമ്മിക്കാൻ സങ്കേതം സോഫ്റ്റ് വെയർ മുഖേന നൽകിയ അപേക്ഷ ഗ്രാമ പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ 15/01/2025-ന് നമ്പർ നൽകി ഫയലാക്കിയിട്ടുണ്ട്. സങ്കേതം സോഫ്റ്റ് വെയർ, ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറുകൾ പരിശോധിച്ചതിൽ, സെക്ഷൻ ക്ലാർക്ക് 16/01/2025 തീയതി സൈറ്റ് പരിശോധിച്ച് ശിപാർശ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ ഓവർസിയർക്ക് കൈമാറുകയും, അപേക്ഷ 2019 ലെ KPBR പ്രകാരമാണെന്നും പെർമിറ്റ് അനുവദിക്കാമെന്ന് കാണിച്ച് 25/01/2025 തീയതി റിപ്പോർട്ട് സെക്ഷൻ ക്ലാർക്കിന് കൈമാറുകയും, സെക്ഷൻ ക്ലാർക്ക് 28/01/2025 തീയതി ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം അപേക്ഷ കെ.എം.ബി.ആറിന് വിധേയമാണ് ഫീ ഈടാക്കി തുടർനടപടി സ്വീകരിക്കുന്നതിനായി 28/01/2025 ന് ഹെഡ് ക്ലാർക്കിന് ഫയൽ കൈമാറുകയും ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം പെർമിറ്റ് നൽകാവുന്നതാണെന്ന് കാണിച്ച് 28/01/2025 തീയതി ഹെഡ് ക്ലാർക്ക് സെക്രട്ടറിക്ക് 28/01/2025 തീയതി ഫയൽ നൽകിയിട്ടുണ്ട്. 29/01/2025 തീയതി പ്ലാനിൽ ചട്ടം 26 (4) പ്രകാരമുള്ള മതിയായ ഫ്രണ്ട് യാർഡ് രേഖപ്പെടുത്തിയിട്ടില്ലെന്ന് അപേക്ഷകനെ വിവരമറിയിക്കാവുന്നതാണ് എന്ന് രേഖപ്പെടുത്തിയത് പ്രകാരം 30/01/2025 തീയതിയിൽ മേൽ അപാകത കാണിച്ചും പുതുക്കിയ പ്ലാൻ പുന സമർപ്പിക്കേണ്ടതാണെന്നും ആയതിന് ശേഷം മാത്രമെ അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുകയുള്ളുവെന്നും അറിയിച്ച് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ കാറ്റഗറി-2 ൽ ഉൾപ്പെട്ട കാവനൂർ ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരെയുള്ള ഏക വാസഗൃഹം നിർമ്മിക്കുന്നതിന് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 49 (2) പ്രകാരം ടി കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡിന് 90 സെന്റി മീറ്റർ ആണ് ആവശ്യമായിട്ടുള്ളത്. ഫ്രണ്ട് യാർഡിനോട് ചേർന്ന് അടുത്ത വീട്ടിലേക്കുള്ള സ്വകാര്യ വഴിയായതിനാൽ ഫ്രണ്ട് യാർഡിന് 1.50 മീറ്റർ മതി. പെർമിറ്റ് നൽകിയ ഫയലിലെ സൈറ്റ് പ്ലാൻ പരിശോധിച്ചതിലും പ്രസ്തുത സൈറ്റ് അസിസ്റ്റന്റ് എഞ്ചിനിയറുടെ സഹായത്തോടെ അളന്ന് പരിശോധിച്ചതിലും ഫ്രണ്ട് യാഡിൽ വീതി കുറഞ്ഞ ഭാഗത്ത് 2.20 മീറ്ററും വീതി കൂടിയ ഭാഗത്ത് 3.20 മീറ്ററും ഉള്ളതിനാൽ കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡിന് നിയമാനുസരണമുള്ള വീതിയുണ്ടെന്ന് കാണാൻ കഴിഞ്ഞു. ആയതിനാൽ ശ്രീ.

*അനിൽകുമാർ നൽകിയ വിശദീകരണം അംഗീകരിക്കാവുന്നതല്ല.*

5. പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും, കാറ്റഗറി-2 വിഭാഗത്തിൽപ്പെ കാവന്നൂർ ഗ്രാമ പഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള ഏക വാസഗൃഹ നിർമ്മാണത്തിന് ബാധകമല്ലാത്ത വ്യവസ്ഥ പാലിക്കാത്തത് കാണിച്ച് പെർമിറ്റ് നൽകാതെ അപാകത പരിഹരിക്കുന്നതിന് കത്ത് നൽകാൻ നിർദേശിച്ച സെക്രട്ടറിയായിരുന്ന ശ്രീ. അനിൽ കമാർ ഡി യുടെ നടപടി ക്രമപ്രകാരമല്ല എന്ന് കാണുന്നു.

6. മേൽ സാഹചര്യത്തിൽ, കാവനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അനിൽകുമാർ ഡി. യ്ക്ക് എതിരെയുള്ള കുറ്റാരോപണം നിലനിൽക്കുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, ടിയാനെതിരെ KCS(CC&A)Rules 1960 ലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ആയതിനാലും വിഷയത്തിൽ ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർ ശ്രീ. ജോസഫ് സെബാസ്റ്റ്യനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ. ജോസഫ് സെബാസ്റ്റ്യൻ, ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം. *(ഫയലിലെ പ്രസ്തുത ഭാഗങ്ങളുടെ പകർപ്പുകൾ സഹിതം അന്വേഷണത്തിനായി).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീ. അനിൽകുമാർ ഡി., മുൻ സെക്രട്ടറി, കാവനൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി3/42/2025/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 30-01-2026 12:35:19
സെക്ഷൻ ഓഫീസർ